പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3782 17.10.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കൽപ്പറ്റ - മേപ്പാടി - നത്തംകുനി - പുറ്റാട് റൂട്ടിൽ കെ.എസ്.ആർ.ടി.സി. എത്ര ബസ് സർവ്വീസ് നടത്തിയിരുന്നു ; | (എ) | രണ്ട് സർവ്വീസുകൾ. |
| (ബി) | പ്രസ്തുത ബസ് സർവ്വീസ് ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) | ഇല്ല. സൊസൈറ്റി ബസ്സുകൾ ഈ റൂട്ടിൽ സർവ്വീസ് തുടങ്ങിയതിനാൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ലാഭകരമല്ലാതായി തീരുകയും തുടർന്ന് ഈ പ്രദേശത്തേയ്ക്കുള്ള സർവ്വീസുകൾ നിർത്തലാക്കുകയുമാണുണ്ടായത്. |
| (സി) | ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ; | (സി) | ഉണ്ട്. സാദ്ധ്യതാ പഠനം നടത്തുന്നതിലേയ്ക്കായി കോഴിക്കോട് മേഖലാധികാരിക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റൂട്ടിൽ ഇപ്പോൾ ബസ് സർവ്വീസ് നടത്തുന്നതിനുള്ള തടസ്സം എന്തെന്ന് വിശദമാക്കുമോ ? | (ഡി) | സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ